LIBRARY ARCHIVES Kerala Legislative Assembly

ദീർഘദൂര സൂപ്പർക്ലാസ് ബസ് റൂട്ടുകൾ

320 (326) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘദൂര സൂപ്പർക്ലാസ് ബസ് റൂട്ടുകൾ ഏറ്റെടുക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് തടസ്സമായി നൽക്കുന്ന വസ്തുതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സൂപ്പർ ക്ലാസ്സ് ബസ് റൂട്ടുകൾ ഏറ്റെടുക്കുന്നതിനുള്ള ബസ്സുകളുടെ എണ്ണത്തിലുള്ള കുറവ് എത്രയെന്ന വ്യക്തമാക്കുമോ ;

(സി) 2014-15-ൽ എത്ര പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി. പുറത്തിറക്കിയിട്ടുണ്ടെന്നും ഈ ബസ്സുകൾ ഏതെല്ലാം ഡിപ്പോകളിൽ നിന്നാണ് സർവ്വീസ് നടത്തുന്നതെന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി) ദീർഘദൂര ബസ് റൂട്ടുകൾ ഏറ്റെടുക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും ഇല്ലെന്നും ഇതിനാവശ്യമായ ബസ്സുകൾ ലഭ്യമാണ് എന്നുമാണ് കെ.എസ്.ആർ.ടി.സി. സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

(സി) 28-2-2015 വരെ പത്ത് വോൾവോ മൾട്ടി ആക്സിൽ ബസുകൾ ഉൾപ്പെടെ 135 ബസുകൾ പുറത്തിറക്കിയിട്ടുണ്ട്. ഈ ബസുകൾ സർവ്വീസ് നടത്തുന്ന ഡിപ്പോകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കോഴിക്കോട് മംഗലാപുരം ബസ് റൂട്ട്

321 (327) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് -മംഗലാപുരം റൂട്ടിൽ പെർമിറ്റ് കാലാവധി കഴിഞ്ഞ എത്ര സ്വകാര്യ ബസ്സുകൾ ഉണ്ടെന്നും ബസ്സ്, റൂട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(ബി) പെർമിറ്റ് കാലാവധി തീർന്ന സ്വകാര്യ ബസ്സുകൾക്ക് പകരം എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് ആരംഭിച്ചതെന്ന് ഡിപ്പോ, റൂട്ട് എന്നിവ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പകരം ഓടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഭൂരിഭാഗവും ടൗൺ ടു ടൗൺ സർവ്വീസുകളാണെന്നതും യാത്രക്കാർക്ക് സൗകര്യപ്രദമായ ലിമിറ്റഡ്, ഓർഡിനറി ബസ്സുകൾ ഇതോടൊപ്പം ആവശ്യത്തിന് ആരംഭിച്ചിട്ടില്ലെന്നതുമായ പരാതികൾ ലഭ്യമായിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പരാതികൾ പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് - മംഗലാപുരം റൂട്ടിൽ പെർമിറ്റ് കാലാവധി കഴിഞ്ഞ 2 വാഹനങ്ങൾ ഉണ്ട്. KL- 14 - J 5484 കോഴിക്കോട് - മംഗലാപുരം, KL-14- G-9149 കണ്ണൂർ - കാസർഗോഡ് - മംഗലാപുരം എന്നിവയാണ്.

(ബി) കോഴിക്കോട് - മംഗലാപുരം റൂട്ടിൽ സ്വകാര്യ ബസ്സുകൾക്ക് പകരമായി കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഏറ്റെടുത്ത് നടത്തിയിട്ടില്ല.

(സി) പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല.

(ഡി) സി പിരിവിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്ക് പുതിയ ബസുകൾ

322 (328) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ സർവ്വീസ് യോഗ്യമായ ആകെ എത്ര ബസ്സുകളാണുള്ളത്;

(ബി) കാലപ്പഴക്കംമൂലം അടുത്ത രണ്ട് വർഷത്തിനകം പ്രസ്തുത ഡിപ്പോയിൽ സർവ്വീസ് യോഗ്യമല്ലാതായി തീരുന്ന എത്ര ബസ്സുകളാണ് ഉള്ളത്;

(സി) സർവ്വീസ് യോഗ്യമല്ലാത്ത പഴയ ബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ നിലവിൽ ആകെ 61 ബസ്സുകളാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly